"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - പരിയാരം റെയിഞ്ചിലെ കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കൊന്നക്കുഴി ഭാഗത്തുള്ള എൽ.എ. പട്ടയ ഭൂമിയിൽ നിന്ന മരങ്ങൾ മുറിക്കുന്നതിന് പെർമിറ്റ് നൽകിയത്- വിരമിച്ച ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ ശ്രീ.എം.സി.ചന്ദ്രൻ, ശ്രീ.ബി.അശോക് രാജ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെയുള്ള - അച്ചടക്ക നടപടി- ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

G.O.(Rt) No.275/2022/F&WLD തീയതി,തിരുവനന്തപുരം, 25-06-2022

പരാമർശം:-

1. എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 31.05.2018-ലെ എഫ് ഇ-214/2018നമ്പർ റിപ്പോർട്ട്.
2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 09.05.2019ലെ ബി4-50642/2018നമ്പർ കത്ത്.
3. 13.08.2020 തീയതിയിലെ എ2/62/2019/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
4. 13.08.2020 തീയതിയിലെ എ2/62/2019/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. 05.10.2020 തീയതിയായി ശ്രീ.എം.സി.ചന്ദ്രൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട). 04.11.2020 തീയതിയായി ശ്രീ.ബി.അശോക് രാജ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദപത്രികകൾ.
6. 03.09.2021,28.02.2022-തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-50642/2018 നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃശ്ശൂർ പരിയാരം റെയിഞ്ചിലെ കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വടാശ്ശേരി ദേവസ്സിക്കുട്ടി എന്നയാളുടെ L A പട്ടയഭൂമിയിൽ നിന്നും തേക്കമരങ്ങൾ മുറിക്കുവാൻ അനുമതി നൽകിയത് അനധികൃതമായാണെന്ന് എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി . കട്ടിംഗ് പെർമിറ്റിനുള്ള അപേക്ഷയിൽ ടി സ്ഥലങ്ങൾ റിസർവ്വ് വനഭൂമിയിൽ നിന്നും പതിച്ചുകൊടുത്ത എൽ.എ. പട്ടയ ഭൂമിയാണെന്ന് വ്യക്തമായി മനസ്സിലാക്കാമായിരുന്നിട്ടും ടി സ്ഥലങ്ങൾ RF, NRF, LAP പുറമ്പോക്ക് എന്നിവയിൽപ്പെട്ടതല്ലെന്ന് സ്വയം സാക്ഷ്യപ്പെടുത്തുകയും, മരങ്ങൾ മുറിക്കാൻ അനുവദിക്കണമെന്ന് പരിയാരം റെയിഞ്ച് ഓഫീസർക്ക് തെറ്റായ റിപ്പോർട്ട് നൽകുകയും ചെയ്തതു വഴി വിരമിച്ച ഡെപ്യൂട്ടി റെയിഞ്ച് ഓഫീസർ ശ്രീ.എം.സി.ചന്ദ്രനും തന്റെ

മുന്നിൽ ലഭിച്ച അപേക്ഷകളും, അനുബന്ധങ്ങളും കൃത്യമായി പരിശോധിക്കാതെ ഡെപ്യൂട്ടി റെയിഞ്ച് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി കട്ടിംഗ് പെർമിറ്റ് നൽകുക വഴി പരിയാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ബി.അശോക് രാജും 2006- ലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ വ്യവസ്ഥകൾ ദുർവിനിയോഗം ചെയ്തതായി കണ്ടെത്തിയ സാഹചര്യത്തിൽ ടിയാന്മാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ പരാമർശം ( 2 ) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.തുടർന്ന് പരാമർശം (3) പ്രകാരം മേൽ വിഷയത്തിൽ കുറ്റക്കാരനെന്നു കണ്ടെത്തിയ റിട്ടയേർഡ് ഡെപ്യൂട്ടി റെയിഞ്ച് ഓഫീസറായ ശ്രീ.എം.സി.ചന്ദ്രൻ നിന്നും ആനുപാതിക സർക്കാർ നഷ്ടം 7,916/- രൂപ ടിയാന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ, ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ, പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിന് തീരുമാനിച്ച കാരണം കാണിക്കൽ നോട്ടീസും ശ്രീ.ബി.അശോക് രാജ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് എതിരെ 1960 KCS (CC&A) Rules ലെ റൂൾ 15 പ്രകാരം കഠിന ശിക്ഷക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി പരാമർശം (4) പ്രകാരം കുറ്റപത്രം നൽകിയും അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

സർക്കാർ നഷ്ടം ഉണ്ടാകാതെ ടി തടികൾ സർക്കാർ ബന്തവസ്സിലെടുത്തിട്ടുള്ളതിനാൽ ടിയാന്മാർ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്നു അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (6) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും വസ്തുതകൾ പുറത്തുകൊണ്ടു വരുന്നതിനുമായി ഔപചാരികാന്വേഷണം നടത്തുന്നതിന് അന്വേഷണാധികാരിയായി ശ്രീ.എം.എ.അനസ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എസ്.ഐ.പി, തൃശ്ശൂർനെയും, പ്രസെന്റിങ് ഓഫീസറായി സുമു സക്കറിയ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രിയെയും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

അന്വേഷണാധികാരി കർശനമായും 2 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH G R
JOINT SECRETARY

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എം.എ.അനസ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എസ്.ഐ.പി, തൃശ്ശൂർ

സുമു സക്കറിയ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ (സോഷ്യൽ ഫോറസ്ട്രി), തൃശ്ശൂർ

ശ്രീ.എം.സി.ചന്ദ്രൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട).

ശ്രീ.ബി.അശോക് രാജ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M

Date: 25-06-2022 14:54:11

സെക്ഷൻ ഓഫീസർ